## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6223** **17-03-2023 - ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ ആർ.ഡി.എസ്.എസ്. പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഡി.എസ്.എസ്. ന്റെ ഭാഗമായി ആദ്യഘട്ട ടെൻഡർ നടപടികളിലേയ്ക്ക് കടന്നിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ; | (എ) | RDSS പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ജില്ലകൾക്കും (കൊച്ചിൻ പോർട്ട് അതോറിറ്റി ഉൾപ്പെടെ) ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ (ജില്ല / ജില്ലകളുടെ സംയോജനമുള്ള പാക്കേജുകൾ) ടേൺകീ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. അവ പരിശോധനയുടെ/ പ്രോസസ്സിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്<br><br>1. വിതരണ പാക്കേജുകൾ - 11 എണ്ണം.<br>2. സബ് ട്രാൻസ്മിഷൻ പാക്കേജുകൾ - 10 എണ്ണം.<br>മൊത്തം പാക്കേജ് - 21 എണ്ണം.<br><br>• തൃശ്ശൂർ, കൊല്ലം, കണ്ണൂർ ടൗണുകളിൽ ഉൾപ്പെടെ SCADA അനുബന്ധ പ്രവൃത്തികൾക്കുള്ള ടെൻഡറുകളും ക്ഷണിച്ചിട്ടുണ്ട്<br>• ഒന്നാം ഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സേവന ദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതിയ സ്മാർട്ട് മീറ്ററുകൾക്ക് വകയിരുത്തുന്ന പണം എച്ച്.റ്റി. എ.ബി.സി., എൽ.റ്റി. എ.ബി.സി.4 ലൈനുകൾ വലിക്കുന്നതിന് മാറ്റി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ പ്രകാരം വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററിംഗ് എന്നീ ഘടകങ്ങൾ പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായത് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ആക്ഷൻ പ്ലാൻ (പ്രവർത്തന പദ്ധതി), DPR മുതലായവ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റിയുടെയും DRC-കമ്മിറ്റിയുടെയും സംസ്ഥാന മന്ത്രിസഭയുടെയും ശിപാർശ പ്രകാരമാണ്. ഇതിൻ പ്രകാരം വിതരണ മേഖലയിലെ വികസന പദ്ധതികൾക്കും, 1.33 കോടി ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററിങ്ങിനായി നിശ്ചിത നിരക്കിൽ കണക്കാക്കിയ ആകെ തുകയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും സ്മാർട്ട് മീറ്ററുകൾക്ക് വകയിരുത്തിയ തുക എച്ച്.റ്റി. എ.ബി.സി., എൽ.റ്റി. എ.ബി.സി. ലൈനുകൾ വലിക്കുന്നതിന് മാറ്റി ഉപയോഗിക്കണമെങ്കിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പുനർ അംഗീകാരം വേണ്ടതാണ്. പുനർ അംഗീകാരം ലഭിക്കുന്നത് പ്രായോഗികമല്ല. |
| (സി) | ആർ.ഡി.എസ്.എസ്. ന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ഒരോ മണ്ഡലത്തിലെയും പദ്ധതികളിൽ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ? | (സി) | ആലപ്പുഴ ജില്ലയിലെ ഓരോ മണ്ഡലത്തിലും RDSS പദ്ധതി പ്രകാരം തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവരം ചുവടെ കൊടുത്തിരിക്കുന്നു.<br><br>**<u>ഒന്നാം ഘട്ടം - അനുമതി ലഭിച്ചത്</u>**<br><br>RDSS - ന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ താഴെ പറയുന്ന രീതിയിൽ ആകെ തുക അനുവദിച്ചിരിക്കുന്നു:<br><br>1. കായംകുളം - 13.08 കോടി<br>2. ഹരിപ്പാട് – 18.26. കോടി<br>3. മാവേലിക്കര - 16.43 കോടി<br>4. ചെങ്ങന്നൂർ - 18.2 കോടി<br>5. കുട്ടനാട് - 20.84 കോടി<br>6. അരൂർ- 7.39 കോടി<br>7. ചേർത്തല - 9. 56 കോടി<br>8. ആലപ്പുഴ - 13.55 കോടി<br>9. അമ്പലപ്പുഴ - 8.54 കോടി<br><br>**<u>രണ്ടാം ഘട്ടം - അനുമതിക്കായി സമർപ്പിച്ചിരിക്കുന്നത്</u>**<br><br>RDSS - ന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ ആധുനികവൽക്കരണ പ്രവൃത്തികൾക്കായും RDSS - ലെ അധിക പ്രവൃത്തികൾക്കായും താഴെ പറയുന്ന തുകയ്ക്ക് അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു<br><br>1. കായംകുളം – 73.96 കോടി<br>2. ഹരിപ്പാട് – 67.48. കോടി<br>3. മാവേലിക്കര - 74.32 കോടി<br>4. ചെങ്ങന്നൂർ - 80.37 കോടി |

| | | | |
|---|---|---|---|
| | | | 5. കുട്ടനാട് – 6.14 കോടി<br>6. അരൂർ- 8.82 കോടി<br>7. ചേർത്തല – 7.17 കോടി<br>8. ആലപ്പുഴ - 9.04 കോടി<br>9. അമ്പലപ്പുഴ – 2.18 കോടി രൂപ |

സെക്ഷൻ ഓഫീസർ